നം.ഇ.എക്സ്.എ(1)/36460/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 26/03/2017.

**സെക്രട്ടറി**
പരീക്ഷാഭവൻ

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - എസ്.എസ്.എൽ.സി. മാർച്ച് 2017 - കണക്ക് പരീക്ഷ റദ്ദാക്കി പുതുക്കിയ പരീക്ഷ നടത്തുന്നത് - സംബന്ധിച്ച്

സൂചന:-

.......

20/03/2017-ൽ നടത്തിയ എസ്.എസ്.എൽ.സി./ടി.എച്ച്.എസ്.എൽ.സി. കണക്ക് പരീക്ഷ റദ്ദാക്കിയ സാഹചര്യത്തിൽ പുനഃക്രമീകരിച്ച പരീക്ഷ 30/03/2017 ഉച്ചയ്ക്ക് 1.45 പി.എം.ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ക്യാമ്പ് ഓഫീസർമാർ, പ്രഥമാദ്ധ്യാപകർ, അദ്ധ്യാപകർ എന്നിവർ കർശനമായും പാലിക്കേണ്ടതാണ്.

1. പരീക്ഷയുടെ പുതുക്കിയ തീയതി എല്ലാ വിദ്യാർത്ഥികളേയും അറിയിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി നൽകേണ്ടതാണ്. സ്കൂൾ നോട്ടീസ് ബോർഡിലും, ക്ലാസ്സ് ടീച്ചർമാർ ഫോൺ മുഖാന്തിരവും വിദ്യാർത്ഥികളെ അറിയിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രഥമാദ്ധ്യാപകർ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. 30/03/2017-ന് നടക്കുന്ന പരീക്ഷയുടെ ചോദ്യക്കടലാസുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ സ്റ്റോറേജ് സെന്ററുകളിൽ 29-ാം തീയതി സെന്റർവൈസ് പാക്കിംഗിൽ ലഭ്യമാകുന്നതാണ്. പരീക്ഷാഭവൻ ജീവനക്കാരുമായി ബന്ധപ്പെട്ട് ചോദ്യക്കടലാസുകൾ സ്വീകരിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമായ ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്നതിന് നിലവിൽ സുരക്ഷാ ക്രമീകരണങ്ങൾക്കായി നിയോഗിച്ചിരിക്കുന്ന പോലീസുദ്യോഗസ്ഥർക്കൊപ്പം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ 2 ക്ലാസ്സ് ഫോർ ജീവനക്കാരെ കൂടി 29-ാം തീയതി രാത്രി സ്റ്റോറേജ് സെന്ററുകളിൽ ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണ്.

3. 29-ാം തീയതി എത്തി ചേരുന്ന ചോദ്യപേപ്പറുകൾ നിലവിലെ ക്ലസ്റ്റർ ക്രമീകരണ പ്രകാരം 30-ാം തീയതി രാവിലെ 8.30-ന് മുമ്പായി ക്ലസ്റ്ററിലെ എല്ലാ ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ചീഫ്, ഡെപ്യൂട്ടി എന്നിവർ പങ്കെടുക്കേണ്ടതില്ല. ക്ലസ്റ്റർവൈസ് സോർട്ടിംഗ് നടത്തുകയും 8.30-ന് തന്നെ പരീക്ഷാകേന്ദ്രങ്ങളിലേക്ക് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹന സംവിധാനം ഉപയോഗിച്ച് ചോദ്യക്കടലാസുകൾ എത്തിക്കേണ്ടതുമാണ്.

4. 20/03/2017-ൽ നടന്ന പുതിയ സ്കീം എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ 8 മൂല്യനിർണ്ണയ ക്യാമ്പുകളിൽ ക്യാമ്പ് ഓഫീസർമാർ കൈപ്പറ്റിയിട്ടുണ്ട്. ടി ഉത്തരക്കടലാസുകൾ സുരക്ഷിതമായ മറ്റൊരു റൂമിലേയ്ക്ക് മാറ്റി സൂക്ഷിക്കേണ്ടതാണ്.

5. എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ച് 29/03/2017, 30/03/2017 എന്നീ ദിവസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന സി.ഡബ്ല്യൂ.എസ്.എൻ വിദ്യാർത്ഥികളുടെ പരീക്ഷ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ 31/03/2017-ന് നടത്തുന്നതാണ്.

6. 29/03/2017-ന് നടത്താൻ നിശ്ചയിച്ചിരുന്ന ഐ.ടി പ്രാക്ടിക്കൽ പരീക്ഷ (പ്രൈവറ്റ് & ഓൾഡ് സ്കീം) മാറ്റമില്ലാതെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടത്തുന്നതാണ്.

7. 29/03/2017, 30/03/2017 എന്നീ തീയതികളിൽ വിവിധ വിഷയങ്ങൾക്ക് നിശ്ചയിച്ചിരുന്ന സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ 03/04/2017, 04/04/2017 എന്നീ തീയതികളിൽ മുൻ നിശ്ചയിച്ച ക്യാമ്പുകളിൽ നടത്തുന്നതും, മൂല്യനിർണ്ണയ ക്യാമ്പുകൾ 06/04/2017-ന് ആരംഭിച്ച് 25/04/2017-ന് അവസാനിക്കുന്നതുമാണ്. (06/04/2017 മുതൽ 12/04/2017 വരെ, 17/04/2017 മുതൽ 25/04/2017 വരെ).

ഈ വിവരങ്ങൾ എല്ലാ പ്രഥമാദ്ധ്യാപകരെയും, ക്യാമ്പ് ഓഫീസർമാരേയും, അദ്ധ്യാപകരേയും അടിയന്തിരമായി അറിയിക്കുവാൻ ആവശ്യമായ നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പി.എ ടു ഡി.ഇ.ഒ., എ സെക്ഷൻ സൂപ്രണ്ട്, സെക്ഷൻ ക്ലാർക്ക് എന്നിവർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ക്യാമ്പ് ഓഫീസർമാർക്കും.